പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.2799

17.06.2019 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ വേതനവർദ്ധനവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തോട്ടം തൊഴിലാളികളുടെ വേതനവർദ്ധനവ് എപ്പോൾ നടപ്പിലാക്കുവാനാകുമെന്ന് വ്യക്തമാക്കാമോ; | | (എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനായി ട്രേഡ് യൂണിയനുകൾ ഡിമാന്റ് ലഭ്യമാക്കിയതിനെ തുടർന്ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നെങ്കിലും തീരുമാനമാകാത്തതിനാൽ തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തൊഴിലാളികൾക്ക് 2019 ഫെബ്രുവരി മാസം മുതൽ പ്രതിദിനം 50/- രൂപ ഇടക്കാലാശ്വാസം അനുവദിക്കുകയുണ്ടായി. വേതന പരിഷ്ക്കരണം സംബന്ധിച്ച തുടർ ചർച്ചകൾ പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വേതന വർദ്ധനവ് എത്രയും വേഗം നടപ്പിലാക്കുന്നതാണ്. |
| (ബി) പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ നിയസഭാസാമാജികർ പങ്കെടുക്കുന്നത് സംബന്ധിച്ച് നിലവിൽ ഏന്തെങ്കിലും ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | | (ബി) സർക്കാർ ഉത്തരവ് പ്രകാരം നിയമിതരാകുന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി അംഗങ്ങൾക്കുമാത്രമേ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ടി യോഗങ്ങളിൽ നിയമസഭാ സാമാജികരെ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച് നിലവിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

Sreekdas

**സെക്ഷൻ ഓഫീസർ**